പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 213 **28-10-2026-ൽ മറുപടിയ്ക്ക്**

ജലസേചന പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. കെ. ബിനിമോൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ജലസേചന പദ്ധതികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും സമയബന്ധിതമായി പൂർത്തിയാക്കി കൃഷിക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിനും അവയുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതിനും പരിശോധനകൾ നടത്താറുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ;

മറുപടി: ഇടത്തരം, ചെറുകിട ജലസേചന പദ്ധതികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും സമയബന്ധിതമായി പൂർത്തിയാക്കി കൃഷിക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നതിനും പദ്ധതികളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വാർഷിക പദ്ധതിയിലും പ്ലാൻ നോൺപ്ലാൻ ശീർഷകങ്ങളിലും ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ജലസേചന പദ്ധതികളുടെ ആവശ്യകത ബോദ്ധ്യപ്പെടുന്ന മുറയ്ക്ക് ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു.

കൂടാതെ, ജലത്തിന്റെ കാര്യക്ഷമമായ വിനിയോഗവും കർഷകർക്ക് ആവശ്യമായ ജലലഭ്യതയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ജലസേചനത്തിന് മുന്നോടിയായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കനാലുകളിലെ ചെളി, എക്കൽ, കാടുകൾ എന്നിവ നീക്കം ചെയ്യുകയും ചോർച്ചകൾ പരിഹരിക്കുകയും ചെയ്യുന്നു. കൂടാതെ, മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി തോടുകളിലെയും നീർച്ചാലുകളിലെയും കുളവാഴയും ചണ്ടിയും നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള പ്രവൃത്തികളും നടത്തിവരുന്നു.

ജലസ്രോതസ്സുകളുടെ സംഭരണശേഷി വർധിപ്പിക്കുന്നതിനും ഭൂഗർഭജലനിരപ്പ് നിലനിർത്തുന്നതിനും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ തടയണകൾ നിർമ്മിക്കുകയും ചെയ്യുന്നു. ഇതിലൂടെ കൃഷിക്ക് ആവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

ജലസേചന പദ്ധതികളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും സമയ-ബന്ധിതമായി പൂർത്തിയാക്കി പ്രവർത്തനക്ഷമത വിലയിരുത്തുന്നതിന് ജലസേചന വകുപ്പിന്റെ മെക്കാനിക്കൽ വിഭാഗവും

ബന്ധപ്പെട്ട സിവിൽ വിഭാഗവുമായി ചേർന്ന് പരിശോധനകൾ നടത്താറുണ്ട്.

(ബി) ജലസേചന പദ്ധതികളുടെ പരിപാലനത്തിൽ തദ്ദേശസ്ഥാപനങ്ങളുടെയും കർഷക കൂട്ടായ്മകളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും ജലം പാഴാകുന്നത് കുറച്ച് പരമാവധി കൃഷിഭൂമിയിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനും സമഗ്രമായ കർമ്മ പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ;

മറുപടി: ജലസേചനപദ്ധതികളുടെ പരിപാലനത്തിനും ജലവിതരണത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കർഷക കൂട്ടായ്മകളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി, ജലസേചന പദ്ധതികളുടെ പരിധിയിൽ വരുന്ന തദ്ദേശ സ്ഥാപന പ്രതിനിധികൾ, പാടശേഖര സമിതി അംഗങ്ങൾ, ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ, എന്നിവരെ ഉൾപ്പെടുത്തി 'സ്ഥിരം സമിതി'കൾ, പ്രോജക്ട് അഡ്വൈസറി കമ്മിറ്റി' യോഗങ്ങൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. ജലസേചന പദ്ധതിയുടെ പരിപാലനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം, കനാലുകളിലെ കാട് വെട്ടി തെളിച്ച് ജലവിതരണം സുഗമമാക്കുന്നതിനുള്ള പ്രവൃത്തികളും ചെയ്യ വരുന്നുണ്ട്. സമയബന്ധിതമായി കനാലുകളുടെ അറ്റകുറ്റ പണികളും ചെയ്യ വരുന്നു. ജലവിതരണവുമായി ബന്ധപ്പെട്ട തീരുമാനങ്ങളിൽ കർഷകരുടെ അഭിപ്രായങ്ങൾ മുൻകൂട്ടി അറിഞ്ഞ്, ജലലഭ്യതയ്ക്ക് അനുസൃതമായി, കർഷകർക്ക് കൃത്യമായ ഷെഡ്യൂൾ (Crop Calendar) മുഖേന, വെള്ളം എത്തിക്കുന്നതിനുള്ള ക്രമീകരണം ചെയ്യ വരുന്നു. ജലം പാഴാക്കുന്നത് പരമാവധി തടഞ്ഞ്, ലഭ്യമായ വെള്ളം ഉപയോഗിച്ച് കൂടുതൽ കൃഷിഭൂമിയിലേക്ക് ജലം എത്തിക്കുന്നതിനായുള്ള സമഗ്രമായ കർമ്മപദ്ധതികളും തയ്യാറാക്കാറുണ്ട്. കനാലുകളുടെ ശാസ്ത്രീയ നവീകരണം വഴി, പ്രധാന കനാലുകളിലും ഉപകനാലുകളിലും വെള്ളം മണ്ണിലേക്ക് ഊർന്നു പോകുന്നത് തടയാൻ, കനാലുകളിലെ ചോർച്ച കണ്ടെത്തി, യഥാസമയം അറ്റകുറ്റ പണികൾ നടത്തി, കോൺക്രീറ്റ് ലൈനിംഗ് ചെയ്ത് വരുന്നു. എല്ലാ വർഷവും ജലവിതരണത്തിന് മുൻപായി കനാലുകൾ വൃത്തിയാക്കാറുമുണ്ട്.

(സി) വരൾച്ച ഏറ്റവും കൂടുതൽ സാധാരണയായി അനുഭവപ്പെടുന്ന പ്രദേശങ്ങൾക്ക് ഇക്കാര്യത്തിൽ പ്രഥമ പരിഗണന നൽകി പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കാൻ ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകുമോ; വ്യക്തമാക്കാമോ?

മറുപടി: വരൾച്ച രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾക്ക് മുൻഗണന നൽകി ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട നിർമ്മാണ, അറ്റകുറ്റപ്പണി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വരൾച്ചാബാധിത പ്രദേശങ്ങളിലെ ജലലഭ്യത, കൃഷിയുടെ ആവശ്യകത, നിലവിലുള്ള ജലസേചന സംവിധാനങ്ങളുടെ അവസ്ഥ എന്നിവ പരിഗണിച്ച് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, നിലവിലുള്ള ജലസ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുക, നൂതന ജലസേചന മാർഗമായ മൈക്രോ ഇറിഗേഷൻ നടപ്പിലാക്കുക, ജലസേചന കനാലുകളിലെ ചോർച്ചയും ജലനഷ്ടവും കുറയ്ക്കുക, തകരാറിലായ ജലസേചന സംവിധാനങ്ങളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി പൂർത്തിയാക്കുക, കർഷകർക്ക് ആവശ്യമായ ജലം യഥാസമയം ലഭ്യമാക്കുക എന്നിവയ്ക്കും മുൻഗണന നൽകിവരുന്നു. പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിച്ച് കാലതാമസം ഒഴിവാക്കി പ്രവൃത്തികൾ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ